പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3403 — 16/12/2015 ൽ മറുപടിക്ക്

## കുളമ്പുരോഗം ബാധിച്ച് കന്നുകാലികൾ ചത്തൊടുങ്ങിയ സംഭവം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ബി.ഡി. ദേവസ്സി : | | കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും<br>അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| എ) തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ വർഷം കുളമ്പുരോഗം ബാധിച്ച് എത്ര കന്നുകാലികളാണ് ചത്തൊടുങ്ങിയത് എന്നും ഇതിൽ എത്ര കന്നുകാലികളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നല്കി എന്നും അറിയിക്കുമോ ; | എ) | **മരണപ്പെട്ട കന്നുകാലികൾ**<br>പശു -601<br>കന്നുകുട്ടി -857<br>കിടാരി -225<br>എരുമ -53<br>**ആകെ -1736**<br><br>**നഷ്ട പരിഹാരം**<br>പശു /എരുമ -111<br>കന്നുകുട്ടി -116<br>കിടാരി -32<br>**ആകെ -259**<br>**കർഷകരുടെ എണ്ണം -227**<br>**നഷ്ട പരിഹാരം നല്കിയ തുക -30,50,000** |
| ബി) കുളമ്പുരോഗം ബാധിച്ച് ചത്തൊടുങ്ങിയ കന്നുകാലികളുടെ വിവരശേഖരണത്തിനായി മൃഗസംരക്ഷണ വകുപ്പിനെയാണോ ചുമതലപ്പെടുത്തിയത് ;<br><br>സി) ക്ഷീരവികസനവകുപ്പ് പ്രസ്തുത വിഷയം സംബന്ധിച്ച് ശേഖരിച്ച കണക്കുകൾ നല്കിയിട്ടുണ്ടോ; എങ്കിൽ അതു പ്രകാരം എത്ര കന്നുകളാണ് തൃശ്ശൂർ ജില്ലയിൽ കുളമ്പുരോഗം ബാധിച്ച് മരണമടഞ്ഞത്; | ബി) യും സി) യും | കുളമ്പുരോഗം ബാധിച്ച് ചത്തൊടുങ്ങിയ കന്നുകാലികളുടെ വിവരശേഖരണത്തിനായി മൃഗസംരക്ഷണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് .ആയതിനാൽ ക്ഷീരവികസന വകുപ്പിൽ നിന്നും കണക്കുകൾ ലഭ്യമല്ല . |
| ഡി) ക്ഷീരവികസനവകുപ്പിനേയും മൃഗസംരക്ഷണ വകുപ്പിനേയും സഹകരിപ്പിച്ച് സംയുക്തമായി റിപ്പോർട്ടുകൾ ശേഖരിക്കുന്നതിനും പ്രസ്തുത വകുപ്പുകളുടെ ഏകീകരിച്ച പ്രവർത്തനത്തിനും നടപടി സ്വീകരിക്കുമോ ? | ഡി) | മൃഗങ്ങളിലെ രോഗവിവരനിർണ്ണയവും ചികിത്സയും സംബന്ധിച്ചുള്ള അറിവും പ്രാഗത്ഭ്യവും മൃഗസംരക്ഷണ വകുപ്പിലാണ് ഉള്ളത്. |

സെക്ഷൻ ഓഫീസർ